>> റിപ്പോർട്ട്

യു. ഷൈജു

# സംവാദ സംസ്കാരത്തെ പോഷിപ്പിച്ച
# അന്താരാഷ്ട്ര ഖുർആൻ സെമിനാർ

**മതേതരമായ** പൊതുധാരയിൽ നിന്നുകൊണ്ട് സംവാദങ്ങളുടെ സകല ഭാവങ്ങളെയും ഇതിലേക്ക് മാറ്റിയെടുക്കുക എന്നതാണ് തനത് കേരളീയ ശൈലി. മതവും അതിന്റെ ആശയവും മതേതരത്വത്തിന്റെ അതിരുകൾ ഭേദിക്കരുത് എന്ന ചിന്തയാണ് പൊതുമണ്ഡലത്തിൽ പ്രാമുഖ്യം നേടുന്നത്. മതമൂല്യങ്ങളെ കുറിച്ച ചർച്ചകൾ നടന്നാൽതന്നെ പൊതുസമൂഹത്തെ മാറ്റിനിർത്തി മതസംഘടനകളുടെ കമ്പാർട്ടുമെന്റുകളിൽ മാത്രം ഒതുങ്ങുകയാണ് ചെയ്തിരുന്നത്. ഇത്തരത്തിലുള്ള എല്ലാ സങ്കുചിതത്വങ്ങളെയും അടച്ചുകൊണ്ടാണ് കേരള സർവകലാശാലയുടെ അറബിക് വിഭാഗം അന്തർദേശീയ ഖുർആൻ സെമിനാർ സംഘടിപ്പിച്ചത്. സർവകലാശാലയുടെ താരതമ്യേന ചെറിയ ഒരു ഡിപ്പാർട്ട്മെന്റ് നടത്തിയ സെമിനാർ എന്നതിനപ്പുറം കേരള മുസ്‌ലിംകളുടെ ആഗ്രഹത്തിനൊത്ത ഒരു മതസംവാദം തന്നെയായിരുന്നു അത്. ആഗോളതലത്തിൽ തന്നെ നടക്കുന്ന മതസംവാദങ്ങളുടെ രീതിയും അക്കാദമിക ഗാംഭീര്യവും നിലനിർത്തിയ സെമിനാർ ഏറെ ശ്രദ്ധിക്കപ്പെട്ടു. നമ്മുടെ കേന്ദ്ര സർവകലാശാലകൾ സംഘടിപ്പിക്കുന്ന പരിപാടികളുടെ നിലവാരത്തിലേക്കുയർന്ന പരിപാടി വ്യത്യസ്തതകൾ നിറഞ്ഞതായിരുന്നു. വിശുദ്ധ ഖുർആൻ മുന്നോട്ടുവെക്കുന്ന സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവും ശാസ്ത്രവും കുടുംബപരവുമായ എല്ലാ തലങ്ങളെയും വ്യത്യസ്ത സെഷനുകളിൽ മതഭേദമന്യേ പ്രഗത്ഭർ സ്പർശിച്ചു. ഇതിലൂടെ ഇസ്‌ലാമിന്റെ സമഗ്രതയും സമ്പൂർണതയും ആവോളം വിളിച്ചറിയിച്ചു. അജ്ഞത നിമിത്തം പടർന്നു പന്തലിച്ച തെറ്റിദ്ധാരണകളും ഭീകരവാദ ധാരണകളും സെമിനാർ കാര്യമായി തന്നെ ചർച്ചക്കെടുത്തു.

ഖുർആന്റെ വിവർത്തനം, തത്ത്വശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സൗന്ദര്യശാസ്ത്രം മനുഷ്യാവകാശം, സ്ത്രീ, മുദ്രണ ചരിത്രം, രാഷ്ട്രീയ ഇസ്‌ലാം, സാമ്പത്തിക ശാസ്ത്രം, ബോധനരീതികൾ, ഭാഷയും വ്യഖ്യാനവും, സൈബർ ഖുർആൻ തുടങ്ങി വ്യത്യസ്ത 15 വിഷയങ്ങളിലായി 200 –ൽ അധികം ഗവേഷണ പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിക്കപ്പെട്ടു. വിശുദ്ധ ഖുർആന്റെ ആന്തരിക വൈജ്ഞാനിക മേഖലകളിലേക്ക് മനുഷ്യനെ കൈപിടിച്ച് നടത്തുന്ന പ്രബന്ധങ്ങൾ വരുംകാലത്ത് മലയാളത്തിൽ ഗുണാത്മകമായ ചർച്ചകൾക്ക് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഉൽപത്തി മുതൽ പരലോകം വരെ ഒന്നൊന്നായി വിവരിച്ച അന്താരാഷ്ട്ര പ്രദർശനം സെമിനാറിന്റെ ഭാഗമായി ഒരുക്കിയിരുന്നു. ഖുർആൻ മുന്നോട്ടുവെക്കുന്ന മുഖ്യ പ്രമേയങ്ങളെല്ലാം ഈ പ്രദർശനം ചർച്ചക്കെടുത്തു.

കേരളീയ മുസ്‌ലിം സമൂഹത്തെ നേതൃപരമായി മുന്നോട്ടുനയിക്കുന്ന വ്യത്യസ്ത സംഘടനകളുടെ നേതാക്കൾ ഒരേ വേദിയിൽ അണിനിരന്ന് തങ്ങളുടെ സാംസ്കാരിക ഔന്നത്യത്തെ ഉയർ

ത്തിപ്പിടിച്ചു. എല്ലാ മതസംഘടനകളുടെയും നേതാക്കൾ മാത്രമല്ല അവരിലെ പ്രഭാഷകരും ഗ്രന്ഥകാരന്മാരും പത്രപ്രവർത്തകരും വ്യത്യസ്ത വേദികളിൽ സംഗമിച്ചത് കേരളീയ മുസ്‌ലിം സമൂഹത്തിന് മാതൃകതന്നെയാണ്. വേദി പങ്കിടാൻ ആരു മടിച്ചു എന്ന മറുചോദ്യമുന്നയിക്കുന്നതിൽ കാര്യമില്ല. കേരളത്തിലെ ഒരു വിദ്യാഭ്യാസ ആസ്ഥാനം ഇതിന് വേദിയൊരുക്കി എന്നത് ഏറെ സന്തോഷം പകരുന്നു.

ലോകം അംഗീകരിച്ച ഇസ്‌ലാമിക ചിന്തകൻ ഡോ. യൂസുഫുൽ ഖറദാവിയെ പോലെയുള്ള വരെ സെമിനാറിലേക്ക് ക്ഷണിച്ചപ്പോൾ തന്നെ സംഘപരിവാർ ശക്തികൾ തങ്ങളുടെ പതിവ് ആരോപണങ്ങളുമായി രംഗത്തെത്തി. സെമിനാറിൽ പങ്കെടുക്കുമെന്ന് അറിയിച്ച അന്താരാഷ്ട്ര വ്യക്തിത്വങ്ങളെ ഭീകരമുദ്ര ചാർത്തി ഇകഴ്ത്താനായിരുന്നു അവരുടെ നീക്കം. അവരുടെ വിദ്യാർഥി സംഘടന മുതൽ ഐക്യവേദി വരെ പ്രസ്താവനകളിറക്കിയും വാർത്താസമ്മേളനം നടത്തിയും കേരളീയരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു. സംഘ്പരിവാർ ശക്തികളുടെ പ്രോപഗണ്ടയെ പതിവു പറച്ചിൽ എന്ന രീതിയിൽ നോക്കിക്കണ്ട് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയായിരുന്നു സംഘാടകർ. അതോടെ ഈ സമരം പ്രസ്താവനകളിൽ ഒതുങ്ങുകയും ചെയ്തു.

ഒരു സർവകലാശാല സംഘടിപ്പിച്ച പരിപാടി എന്ന നിലയിൽ, വിദ്യാർഥികൾക്ക് വേദിയൊരുക്കിയിരുന്നില്ല എന്നതൊഴിച്ചാൽ അന്തർദേശീയ വ്യക്തിത്വങ്ങളുടെ സാന്നിധ്യവും മലയാളി സമൂഹത്തിന്റെ പങ്കാളിത്തവും കൊണ്ട് സെമിനാർ ഗംഭീരമായി. തർക്കിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണെന്ന മഹിത സന്ദേശത്തെ വിളിച്ചറിയിച്ച അന്താരാഷ്ട്ര സെമിനാറിന് നേതൃത്വം നൽകിയ കേരള സർവകലാശാലയുടെ അറബിക് വിഭാഗം ചരിത്രത്തിൽ ഇടം നേടിക്കഴിഞ്ഞു. ■

# ഖുർആൻ സെമിനാർ വേറിട്ടൊരനുഭവം



**തിരുവനന്തപുരം:** 2010 ഏപ്രിൽ 28, 29, 30 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ഖുർആൻ സെമിനാർ മതരാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ വ്യത്യസ്ത വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ സംഗമവേദിയായി. ആരോഗ്യകരമായ ചർച്ചകളും സംവാദങ്ങളും വിഷയത്തിന്റെ മർമം തൊട്ടറിഞ്ഞുള്ള നിരവധി പ്രബന്ധങ്ങളും സെമിനാറിനെ വേറിട്ടൊരു അനുഭവമാക്കി.

മതനിരപേക്ഷതയും രാഷ്ട്രീയവും മുന്നോട്ടുവെക്കുന്ന സമഗ്ര ജീവിത ദർശനമാണ് ഖുർആനെന്ന് 'ഞാനറിയുന്ന ഖുർആൻ' സാംസ്കാരിക സംഗമം അഭിപ്രായപ്പെട്ടു. അമാനുഷികമായ സവിശേഷതകൾക്കൊപ്പം വിസ്മയിപ്പിക്കുന്ന സാഹിത്യ ഭംഗിയും അതുല്യമായ വൈജ്ഞാനിക ഉള്ളടക്കവും ഖുർആൻ നിലനിർത്തുന്നുണ്ടെന്നും എഴുത്തുകാരും സാമൂഹിക രാഷ്ട്രീയ പ്രമുഖരും പങ്കെടുത്ത സെമിനാർ ചൂണ്ടിക്കാട്ടി.

കേരള സർവകലാശാല അറബിക് വിഭാഗം അന്താരാഷ്ട്ര ഖുർആൻ സെമിനാറിനോടുബന്ധിച്ച് സംഘടിപ്പിച്ച സംഗമം മന്ത്രി എൻ.കെ പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സാമ്പത്തികവും സാമൂഹിക

വുമായ നീതി നിഷ്കർഷിക്കുകയും സാമ്പത്തിക സമത്വം ഉറപ്പുവരുത്തുകയും ചെയ്യുന്ന തത്ത്വങ്ങളാണ് ഖുർആൻെറ സവിശേഷതയെന്ന് പ്രേമചന്ദ്രൻ പറഞ്ഞു. അത് രാഷ്ട്രമീമാംസയാണ്. സമാധാനപരമായ സഹവർത്തിത്വത്തിൻെറ കരാറായിരുന്നു മദീനയിലെ ഇസ്‌ലാമിക രാഷ്ട്രം. മതത്തിനും സമുദായത്തിനും അതീതമായ വിശ്വമാനവിക കാഴ്ചപ്പാട് പുലർത്തുന്ന ഖുർആൻ മുന്നോട്ടുവെക്കുന്നത് മതനിരപേക്ഷ നിലപാടാണ്. ഗാന്ധിജിയെ ഏറ്റവുമേറെ സ്വാധീനിച്ചത് പ്രവാചകനാണെന്ന് അദ്ദേഹത്തിൻെറ ജീവചരിത്രം വായിച്ചാൽ ബോധ്യപ്പെടും. ഭരണ–സാമൂഹിക–സ്വകാര്യ മേഖലകളിൽ സൂക്ഷ്മമായ ജീവിതം നയിക്കാനുള്ള വഴികാട്ടിയാണത്. എന്നാൽ വിധ്വംസക പ്രവർത്തനങ്ങളുടെ വികല മുഖമാക്കി ഇസ്‌ലാമിനെ അവതരിപ്പിക്കാനുള്ള ബോധപൂർവ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിനെ പ്രതിരോധിക്കാൻ ഭീകര പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുകയല്ല വേണ്ടത്. മറിച്ച് ആശയ പ്രചാരണത്തിന് മുന്നിട്ടിറങ്ങുകയാണ് വേണ്ടതെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

ഖുർആൻ മത ഗ്രന്ഥത്തെക്കാൾ വലിയ രാഷ്ട്രീയ ഗ്രന്ഥമാണെന്ന് ആസൂത്രണ ബോർഡ് മുൻ അംഗം സി.പി ജോൺ ചൂണ്ടിക്കാട്ടി. ഖുർആന് വലിയ പൊളിറ്റിക്സുണ്ട്. അതുകൊണ്ട് തന്നെ ഇസ്‌ലാമിന് രാഷ്ട്രീയത്തിൽ ഇടപെടാതിരിക്കാനാവില്ല. രാഷ്ട്രീയത്തിൽ ഇടപെട്ടും അതിൽ ജീവിച്ചുമാണ് ഖുർആൻ മുന്നോട്ടുപോകുന്നത്. അഡ്മിനിസ്ട്രേഷൻ മുതൽ ബാങ്കിങ് വരെ ഒരുഭരണകൂടം നിർവഹിക്കേണ്ട മുഴുവൻ ചുമതലകളും ഖുർആൻ ആശയപരമായി കൈകാര്യം ചെയ്യുന്നുണ്ട്. മുഹമ്മദ് നബിയല്ലാതെ മറ്റൊരു മതസ്ഥാപകനും ലോകത്ത് രാഷ്ട്രാധിപതി ആയിട്ടില്ല. മതവും മാർക്സിസവും മനുഷ്യകേന്ദ്രിതമാണ് എന്ന വിമർശത്തിനും ഇസ്‌ലാം മറുപടിയാണ്. മനുഷ്യനപ്പുറം പ്രകൃതിയെ മുന്നിൽ നിർത്തുന്ന ചിന്താരീതിയാണ് ഖുർആൻ പിന്തുടരുന്നതെന്നും സി.പി ജോൺ ചൂണ്ടിക്കാട്ടി. കെ.പി മോഹനൻ, ഡോ. എൻ.എ കരീം എന്നിവർ പ്രസംഗിച്ചു. എ. സഈദ് മോഡറേറ്ററായിരുന്നു. ഖമറുന്നിസ അൻവർ, ഡോ. മുഹമ്മദ് കുഞ്ഞ് മേത്തർ, എം.എം ഹസൻ തുടങ്ങിയവരും സംബന്ധിച്ചു.

രാഷ്ട്രീയകാരണങ്ങളാൽ വഴിതെറ്റിയവർ സ്വന്തം താൽപര്യപ്രകാരം അനുഷ്ഠിക്കുന്നതാണ് തീവ്രവാദവും ഭീകരവാദവുമെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി. അവ വ്യക്തിനിഷ്ഠമാണ്. ഖുർആൻ സെമിനാറിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇസ്‌ലാമിനെ തീവ്രവാദത്തിൻെറയും ഭീകരവാദത്തിൻെറയും പ്രതീകമാക്കി മാറ്റുന്നത് നീതിക്ക് നിരക്കുന്നതല്ല. സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നത് കൊലപാതകത്തേക്കാൾ ഗുരുതരമായി പരിഗണിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. നിരപരാധിയെ വധിക്കുന്നത് മുഴുവൻ സമൂഹത്തെയും വധിക്കുന്നതിന് തുല്ല്യമാണെന്ന് ഖുർആൻ പറയുന്നു.  മതങ്ങളുടെ കുറവല്ല സംഘർഷങ്ങൾക്ക് കാരണം. അവയുടെ യഥാർഥ സത്ത ഉൾക്കൊള്ളാത്തതാണെന്നും ഉമ്മൻചാണ്ടി പറഞ്ഞു.

സവിശേഷ സാംസ്കാരിക അസ്തിത്വമുള്ള മുസ്‌ലിം സമൂഹത്തെ നയിക്കുന്ന മതഗ്രന്ഥത്തെപ്പറ്റി പഠിക്കാൻ പൊതുസമൂഹത്തിന് അവസരമൊരുക്കുക എന്നത് ദേശീയ പ്രവർത്തനമാണെന്ന് ചടങ്ങിൽ സംസാരിച്ച ജമാഅത്തെ ഇസ്‌ലാമി കേരള അധ്യക്ഷൻ ടി. ആരിഫലി പറഞ്ഞു. പരസ്പരം അറിയുക എന്നതാണ് ദേശീയോദ്ഗ്രഥനത്തിനുള്ള സുപ്രധാന വഴി. ജയിക്കാനും തോൽക്കാനുമാകരുത് സംവാദങ്ങൾ നടത്തേണ്ടത്. അറിയാനും അറിയിക്കാനും വേണ്ടിയാകണം. പരസ്പരം അടിച്ചിരുത്തുന്ന സംവാദരീതി ബഹുസ്വര സമൂഹത്തിന് അനുയോജ്യമല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വൈകല്യങ്ങളെ അതിജീവിച്ച് ഖുർആൻ മനഃപാഠമാക്കിയ പതിമൂന്ന് വയസ്സുകാരനായ മുഹമ്മദിനെ ഉമ്മൻ ചാണ്ടി ആദരിച്ചു. അബ്ദുസ്സമദ് സമദാനി മുഖ്യപ്രഭാഷണം നടത്തി.  എം.എം ഹസൻ സ്വാഗതവും എ.എം.കെ നൗഫൽ നന്ദിയും പറഞ്ഞു.

സെമിനാർ വി.ജെ.ടി ഹാളിൽ മന്ത്രി എം.എ ബേബി ഉദ്ഘാടനം ചെയ്തു.ബാംഗ്ലൂർ സർവകലാശാലയിലെ പ്രഫ. ഷാഫി ശൈഖ്, അബ്ദുസ്സമദ് സമദാനി, പാളയം ഇമാം മൗലവി ജമാലുദ്ദീൻ മങ്കട, മുട്ടാണിശ്ശേരി കോയക്കുട്ടി മൗലവി, ഡോ. ഹുസൈൻ മടവൂർ, തിരുവനന്തപുരം മുസ്‌ലിം അസോസിയേഷൻ പ്രസിഡൻറ് ആൽഫാ  അബ്ദുൽ ഖാദർ ഹാജി പ്രസംഗിച്ചു. ഖുർആൻ പണ്ഡിതരായ മുട്ടാണിശ്ശേരി കോയക്കുട്ടി മൗലവി, വി.എം. മൂസാമൗലവി, കോയാ മൗലവി, കുഞ്ഞ്മുഹമ്മദ് പറപ്പൂർ, അബ്ദുൽ ഷുക്കൂർ മൗലവി, എ. അബ്ദുല്ല മൗലവി, പ്രഫ. പി.എ. സഈദ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. കേരള സർവകലാശാല രജിസ്ട്രാർ പ്രഫ. കെ.എ. ഹാഷിം സ്വാഗതവും അറബിക് വകുപ്പ് മേധാവി ഡോ. എ. നാസറുദ്ദീൻ നന്ദിയും പറഞ്ഞു.